ഖുർആൻ എന്റെ ജീവിതത്തിൽ

# എന്റെ മാർഗദീപം

പ്രസന്നൻ

നിങ്ങൾക്ക് ഒരു കാര്യത്തെക്കുറിച്ചറിയില്ലെങ്കിൽ ആ വിഷയത്തിൽ ലോകമാന്യത്തിനായി എടുക്കാവുന്ന ഏറ്റവും മികച്ച നിലപാട് അതിനെ അന്ധമായി എതിർക്കുക എന്നുള്ളതായിരിക്കും. ബോധപൂർവമല്ലാതെതന്നെ ഇസ്‌ലാമിനെയും മുസ്‌ലിംകളെയും കുറിച്ച് തെറ്റിദ്ധരിക്കാൻ ഈ കാലഘട്ടത്തിലെ ഒരു മനുഷ്യൻ നിർബന്ധിതനാണ്. ഉദ്ദേശം പത്തു വർഷം മുമ്പുള്ള ഞാനും ഈ അവസ്ഥയിൽനിന്ന് ഭിന്നനായിരുന്നില്ല. എല്ലാ മതങ്ങളും നല്ലതിനു വേണ്ടിത്തന്നെ. പക്ഷേ, അതിൽ തിന്മകളും വിഹരിക്കുന്നു. അതുകൊണ്ട് മനുഷ്യൻ നന്നായാൽ മതി എന്ന സ്വേഛയുടെ മതവുമായി യഥേഷ്ടം മതനിയമങ്ങൾ സൃഷ്ടിച്ച് ഔദ്ധത്യത്തോടെ ദിനേനയെന്നോണം, അല്ലെങ്കിൽ ദിവസത്തിൽ പലതവണ മതംമാറാൻ സൗകര്യമുള്ള സാഹചര്യത്തിൽ ജീവിച്ചുപോന്നിരുന്ന ഞാൻ 'ഓ നിങ്ങളുടെ ഖുർആനും, അതൊക്കെ ഞാനും വായിച്ചിട്ടുണ്ട്' എന്ന പ്രസ്താവന ഇറക്കി എല്ലാ മതങ്ങളുടെയും സാരാംശം ഉൾക്കൊള്ളുന്നവനായി എന്നെ അവതരിപ്പിക്കാനുള്ള ഭാഗമെന്നോണമാവണം ആദ്യം ഖുർആൻവായനയ്ക്ക് തയാറെടുത്തത്. വായന നീണ്ടത് രണ്ടാം സൂറഃ *അൽബഖറ*യിലെ 196-ാം ആയത്തോളം മാത്രം. ഹജ്ജും ഉംറയും സാധ്യമാകാതെ തിരിച്ചുപോരേണ്ടിവന്നാൽ ബലി നടത്തണമെന്നും ബലിമൃഗം സ്വസ്ഥാനത്ത് എത്തിച്ചേരും വരെ നഖം, മുടി എന്നിവയൊന്നും വെട്ടരുത് എന്നിങ്ങനെയൊക്കെ വിശദീകരിക്കുന്ന ആ ആയത്ത് എന്നിൽ അതൃപ്തി പടർത്തി. സ്വന്തം നിലയ്ക്കല്ലാതെ ഒരു കർമം സാധ്യമല്ലാതെവരിക, എന്നിട്ടതിന്റെ ദൈവികവിധിയോ വ്യത്തിഹീനനായി നടക്കുകയും....!

**സമർപ്പണം സമ്പൂർണമല്ലെങ്കിൽ ബാക്കിയൊക്കെ ചടങ്ങുകളുടെ പൂർത്തീകരണമാവുന്നു. അതുകൊണ്ടാണ് വിശ്വാസികളോട് പൂർണമായും ഇസ് ലാമിൽ പ്രവേശിക്കാൻ ഖുർആൻ ആഹ്വാനം ചെയ്യുന്നത്. പകുതി ശരികൾ ഇസ്‌ലാമിലില്ല. ഉള്ളത് പച്ചയായ പരമാർഥം മാത്രം**

വർഷങ്ങൾക്കുശേഷം ഹജ്ജ് എന്ന അതിമഹത്തായ ആരാധനാകർമത്തിന്റെ ചരിത്രവും അത് വിശദീകരിക്കാൻ വിശുദ്ധ ഖുർആൻ പ്രയോഗിച്ച പദപ്രയോഗങ്ങളും പുനർവായനയ്ക്ക് വിധേയമാക്കുമ്പോൾ പരലോകത്ത് പൂർണനഗ്നനായി ഓരോ മനുഷ്യനും ഉയിർത്തെഴുന്നേൽക്കപ്പെടുന്നതിന്റെ എല്ലാ വിഹ്വലതയും ഉൾക്കൊണ്ടുകൊണ്ട് സ്വന്തം നഗ്നത മാത്രം ഒറ്റവസ്ത്രം കൊണ്ട് മറയ്ക്കാൻ അനുവാദം നൽകപ്പെട്ട് സ്രഷ്ടാവിന്റെ സവിധത്തിൽ ഹാജരാക്കപ്പെടുന്ന വിശ്വാസിയുടെ സമർപ്പണം എനിക്ക് തിരിച്ചറിയാനാവുന്നത് അല്ലാഹുവിന്റെ കാരുണ്യം ഒന്നുകൊണ്ടുമാത്രം. പിറവിയുടെ നിഷ്കളങ്കത്വം നേടുന്ന ഒരു ദൈവികാരാധനയിൽ വളർത്തപ്പെടുന്ന നഖവും മുടിയുമൊക്കെ പരലോകത്തെ മനുഷ്യന്റെ യഥാർഥ പിറവിയിലേക്കുള്ള സൂചകങ്ങൾമാത്രം!

ഈ പുനർവായനയ്ക്ക് എനിക്ക് സാധിച്ചത് അനേകം പുസ്തകങ്ങളിലൂടെ നീണ്ട എന്റെ ഗൃഹപാഠങ്ങൾക്കു ശേഷമാണ്. ആ ഗൃഹപാഠങ്ങൾ ഇവിടെ പ്രതിപാദ്യവിഷയമല്ല. വർത്തമാനകാല ലോകാവസ്ഥകളിൽ, നീതികേടുകളിൽ, മനുഷ്യജീവിതത്തിന്റെ അർഥമില്ലാത്ത അവസ്ഥാന്തരങ്ങളിൽ ഒക്കെ കൊടിയ വേദന അനുഭവിച്ച ഒരു കാലയളവിൽ ഈ ലോകത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരമെന്ന നിലയിൽ സമർപ്പിക്കപ്പെടുന്ന ആശയങ്ങളൊക്കെ പഠനവിധേയമാക്കുന്ന കൂട്ടത്തിൽ ഇസ്‌ലാം വീണ്ടും എന്നിലേക്കെത്തി. ആശയം സമർപ്പിച്ചവരുടെ തൂലികയുടെ കരുത്തു കൊണ്ട്, ശൈലി കൊണ്ട്, ആത്മാർഥതകൊണ്ടുമൊക്കെ നിലവിലുള്ള ലോകക്രമത്തിൽ ഇസ്‌ലാമിന്റെ പങ്ക് അനിഷേധ്യമാണെന്ന് ഞാൻ തിരിച്ചറിഞ്ഞു. ആ തിരിച്ചറിവിൽ അല്ലാഹുവും അതിഭൗതികയാഥാർഥ്യങ്ങളും പ്രവാചകന്മാരും വേദഗ്രന്ഥവും എന്നിൽ വന്നുനിറഞ്ഞു. തിരിച്ചറിഞ്ഞതും തൊട്ടുനോക്കിയതുമൊക്കെ 'നേതി, നേതി' എന്നുപറഞ്ഞ് കാണുന്നതൊക്കെ ചുംബിച്ച് പാറിനടന്ന യൗവനത്തിന് ഇസ്‌ലാം വിരാമമിട്ടു, സമാധാനപൂർണമായ വിരാമം.

* ലോകസ്രഷ്ടാവ് ഏകനായ, ആദിയും അന്ത്യവുമില്ലാത്ത അല്ലാഹു ആകുന്നു.

* അനന്തമായ ഗുണവിശേഷങ്ങളാൽ സൃഷ്ടികൾക്ക് നിർവചിക്കാനാവാത്തവിധം അത്യുന്നതനായ സ്രഷ്ടാവിന്റെ ഭൂമിയിലെ പ്രതിനിധികളാകുന്നു മനുഷ്യൻ.

* മനുഷ്യന് അനന്തമജ്ഞാതമായ ഈ പ്രപഞ്ചത്തിലെ സ്ഥാനം വിശദീകരിച്ചുകൊണ്ട് ഇന്ദ്രിയാതീതമായ അറിവുകൾ പകർന്നുകൊണ്ട് സ്രഷ്ടാവ് നൽകിയ അനുഗ്രഹങ്ങളാണ് പ്രവാചകന്മാരും വേദഗ്രന്ഥങ്ങളും.

* ഇഹലോകവാസത്തിന്റെ നന്മ-തിന്മകൾക്കനുസരിച്ച് പരലോകത്ത് ശാശ്വതമായ രക്ഷാശിക്ഷകളിൽ മനുഷ്യൻ എത്തിപ്പെടും.

എല്ലാ നീതികേടുകളും നിറഞ്ഞ ഈ ലോകത്ത് നീതിക്കുവേണ്ടി സദാ ദാഹിച്ചുകൊണ്ടിരിക്കുന്ന മനുഷ്യജീവിതത്തിന് സ്രഷ്ടാവിന്റെ അതിമഹത്തായ ഔദാര്യമാണ് സ്വർഗം. ഒരിക്കലും നീതി നടപ്പിലാക്കാൻ പറ്റാത്തവിധം വൈവിധ്യമേറിയ വഞ്ചനാത്മകമായ ഈലോകജീവിതം കഴിഞ്ഞൊടുങ്ങുമ്പോൾ നീതിയുടെ, സമത്വത്തിന്റെ ലോകം തന്നെ തനിക്ക് കൈവരണം എന്ന ലക്ഷ്യം തീരുമാനിച്ചപ്പോൾ, അതിനുവേണ്ടുന്ന കർമം നന്മയാണെന്ന് തിരിച്ചറിഞ്ഞു. ഈ നശ്വരലോകത്ത് എന്തെങ്കിലും ബാക്കിയാവുന്നുണ്ടെങ്കിൽ അത് നന്മ മാത്രമാണ്. മനസ്സിന്റെയും ചിന്തകളുടെയും നന്മ. കർമങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും നന്മ. എന്താണ് നന്മ എന്ന് വിശദീകരിക്കാനാണ് സ്രഷ്ടാവ് വേദഗ്രന്ഥം മനുഷ്യർക്ക് സമ്മാനിച്ചത്. അങ്ങനെ ജീവിതലക്ഷ്യം സാക്ഷാത്കരിക്കാനുള്ള, നന്മകൾ ആർജിക്കാനുള്ള ത്വരയുമായി എന്താണ് നന്മ എന്നറിയാനാണ് വിശുദ്ധഖുർആൻ ഞാൻ വീണ്ടും തുറന്നു നോക്കുന്ന

ത്:

“ഇത് അല്ലാഹുവിന്റെ വേദമാകുന്നു. ഇതിൽ സന്ദേഹമില്ല തന്നെ. ഭക്തിയുള്ളവർക്ക് മാർഗദർശകമത്രെ ഇത്”.

ആരാണ് ഭക്തിയുള്ളവർ?

“അതിഭൗതികയാഥാർഥ്യങ്ങളിൽ വിശ്വസിച്ചവരും (അല്ലാഹു, മലക്കുകൾ, സ്വർഗം, നരകം....) നമസ്കാരം മുറപ്രകാരം അനുഷ്ഠിക്കുന്നവരും അല്ലാഹു നൽകിയതിൽനിന്ന് ചെലവഴിക്കുന്നവരും എല്ലാ വേദഗ്രന്ഥങ്ങളിലും വിശ്വസിക്കുന്നവരും പരലോകത്തിൽ ദൃഢബോധ്യമുള്ളവരുമാണ് അവർ.” വിശുദ്ധഖുർആൻ തുടക്കത്തിലേ കാര്യം സുതരാം വ്യക്തമാക്കുന്നു.

ഈ നിബന്ധനകൾ അംഗീകരിക്കുന്നവർക്ക് മാർഗദർശകമാണ് വിശുദ്ധഖുർആൻ. അല്ലാത്തവർക്കോ പാടിപ്പുകഴ്ത്താം, സ്ഖലിതങ്ങൾ ആരോപിക്കാം, വാരിപ്പുണരാം, വലിച്ചെറിയാം... എല്ലാം പ്രകടനാത്മകതയുടെ, ലോകമാന്യത്തിന്റെ വിവിധ രൂപങ്ങൾ.

എന്നെ സംബന്ധിച്ചേടത്തോളം വിശുദ്ധഖുർആൻ ഇനിയും ഉൾക്കൊണ്ടു തീർന്നിട്ടില്ലാത്ത ദൈവികാനുഗ്രഹമാണ്. സ്രഷ്ടാവിന്റെ അതിമഹത്തായ ഒരു ഔദാര്യം വിലയിരുത്താനോ നിരൂപണം ചെയ്യാനോ ഞാനശക്തൻ.



വായിക്കുന്ന വിഷയവുമായി ബന്ധപ്പെട്ട ഖുർആൻവചനങ്ങൾ തഫ്സീറുകളുടെ സഹായത്താൽ മനനം ചെയ്യുക എന്നതായിരുന്നു എന്റെ ആദ്യകാലരീതികൾ. അപ്പോഴൊക്കെ ഖുർആൻ മറിക്കുമ്പോൾ ശിക്ഷകളെ കുറിച്ചുള്ള താക്കീത് എന്നെ അസ്വസ്ഥനാക്കാറുണ്ട്. പേടിപ്പിച്ച് ഭരിക്കുന്ന അല്ലാഹു എന്ന പഴയ മാർക്സിയൻവീക്ഷണത്തിന്റെ ശേഷപത്രത്തിന്റെ സ്വാധീനമാവാം. പക്ഷേ, വർഷങ്ങൾക്കു മുമ്പ് കീഴുപറമ്പിലെ പുരാതന പള്ളിയുടെ മച്ചിനു മുകളിലിരുന്ന് അല്ലാഹുവിന്റെ വേദഗ്രന്ഥത്തിന്റെ പരിഭാഷ ഒറ്റയിരിപ്പിൽ വായിച്ചുതീർന്നപ്പോൾ കണ്ണുകൾ എത്രയോ വട്ടം സജലങ്ങളായി. ശിക്ഷകളുടെ നോവോർത്തിട്ടല്ല, സൃഷ്ടികളുടെ മേൽ പരന്നൊഴുകുന്ന അല്ലാഹുവിന്റെ കാരുണ്യമോർത്ത്. വഴികേടിൽനിന്ന് വഴികേടിലേക്ക് നടന്നുപോവുന്ന മനുഷ്യരെ എല്ലാ അർഥത്തിലും നന്മയിലേക്ക് തിരിച്ചുവിളിക്കാൻ ഈ ലോകത്തിന്റെ സ്രഷ്ടാവ് പേർത്തും പേർത്തും നടത്തുന്ന ആഹ്വാനത്തിൽ നിറഞ്ഞുനിൽക്കുന്ന സ്നേഹവും കാരുണ്യവും അനുഭവിച്ചുകൊണ്ട്.

വിശുദ്ധഖുർആന്റെ ശാസ്ത്രീയതയെക്കുറിച്ച്, അമാനുഷികവശത്തെക്കുറിച്ച്, സാമ്പത്തിക-രാഷ്ട്രീയസിദ്ധാന്തങ്ങളെക്കുറിച്ച് വിശദീകരിക്കുന്ന അസംഖ്യം പുസ്തകങ്ങളുണ്ട്. അവയിലൂടെയാണ് ഞാൻ വിശുദ്ധഖുർആന്റെ സമീപത്തെത്തിയത്. അതുകൊണ്ടുതന്നെ അവയൊക്കെത്തന്നെ എന്നെ സംബന്ധിച്ചേടത്തോളം പ്രസക്തമാണ്, പക്ഷേ അപൂർണവും. പൂർണത അല്ലാഹുവിന്റെ വചനങ്ങൾക്കുമാത്രം. ആ പൂർണതയിലേക്ക് പ്രവേശിക്കാൻ ശിഷ്ടജീവിതത്തിന് സാധിക്കണേ എന്ന പ്രാർഥനയിലാണ് ഞാൻ.

വായനക്കാരോട് അർഥിക്കാൻ ഇത്രമാത്രം, നിങ്ങൾ ഒരു മുസ്‌ലിമാണെങ്കിൽ വിശുദ്ധഖുർആനിനനുസരിച്ച് ജീവിതം ചിട്ടപ്പെടുത്താൻ തയാറാവുക. നവലോകക്രമത്തിനനുസരിച്ച് വ്യാഖ്യാനം ചെയ്ത് സമാശ്വസിക്കുന്നവരുടെ കൂട്ടത്തിൽപെടാതിരിക്കുക. ഇസ്‌ലാമിനാവശ്യം മുഴുവൻസമയ മുസ്‌ലിംകളെയാണ്. നമ്മുടെ ഖുർആൻവ്യാഖ്യാനസമീപനങ്ങൾ വിശുദ്ധപ്രവാചകന്റെയും സഹാക്കളുടെയും ജീവിതവുമായി പൊരുത്തപ്പെടുന്നില്ലെങ്കിൽ വക്രത ഉപേക്ഷിച്ച് നേർമാർഗത്തിലേക്ക് വരാനുള്ള ആർജവവും കാട്ടേണ്ടതുണ്ട്. അധികപേർക്കും ഇഷ്ടപ്പെടാത്ത ഒരുദാഹരണം ചൂണ്ടിക്കാട്ടട്ടെ: ബഹുഭാര്യാത്വം സ്വയം ഒരു തിന്മയായി ഉൾക്കൊണ്ട് ആ വിഷയത്തിൽ എപ്പോഴും പ്രതിരോധത്തിലൂന്നുന്ന മുസ്‌ലിംകളെയും എഴുത്തുകാരെയും കാണാവുന്നതാണ്. ഇന്ത്യൻസംസ്കാരത്തിന് അനുഗുണമായി വിശുദ്ധഖുർആനിലെ വചനങ്ങൾ വ്യാഖ്യാനിച്ചുകൊണ്ട്, ഭാര്യമാരിൽ തുല്യനീതി സുസാധ്യമല്ല, അതുകൊണ്ടുതന്നെ ഏകഭാര്യാത്വമാണ് വിശുദ്ധഖുർആനിൽ എന്നൊക്കെ വ്യാഖ്യാനിച്ചൊപ്പിക്കുന്നവർ ഇസ്‌ലാമിന്റെ തനിമയിലേക്ക് പ്രവേശിക്കാൻ മടിക്കുന്നു. ഇതുതന്നെയാണ് അല്ലാഹുവിന്റെ വേദത്തിലെ ചില വചനങ്ങളെ തള്ളിപ്പറയുന്നതും. ഇങ്ങനെ ശരിയോടു സമീപത്ത് നിൽക്കുന്നു എന്നാശ്വസിക്കുന്ന മുസ്‌ലിംകളെക്കൊണ്ട് ഇസ്‌ലാമിന് ഒന്നും ലഭിക്കാനില്ല. പൂർണമായ ശരിയിലേക്കുള്ള ഇസ്‌ലാമികപാതയിൽ സമീപത്തുള്ളതെല്ലാം പൈശാചികബോധനങ്ങളാണ്. വിശ്വാസികളുടെ മാതാക്കൾ പ്രവാചകന്റെ ബഹുഭാര്യാത്വം അനുഷ്ഠിച്ചവരാണെന്ന തിരിച്ചറിവിൽ സ്വയം ആ അവസ്ഥയിലേക്ക് പ്രവേശിച്ച മർയം ജമീലമാർ തന്നെയാണ് വിശ്വാസത്തിന്റെ സമർപ്പണം ഏറ്റുവാങ്ങിയവർ. അവരെപ്പോലുള്ളവരിലേ പ്രതീക്ഷയും വേണ്ടൂ.

ഇതൊരു ഉദാഹരണം മാത്രം. സമർപ്പണം സമ്പൂർണമല്ലെങ്കിൽ ബാക്കിയൊക്കെ ചടങ്ങുകളുടെ പൂർത്തീകരണമാവുന്നു. അതുകൊണ്ടാണ് വിശ്വാസികളോട് പൂർണമായും ഇസ്‌ലാമിൽ പ്രവേശിക്കാൻ ഖുർആൻ ആഹ്വാനം ചെയ്യുന്നത്. പകുതി ശരികൾ ഇസ്‌ലാമിലില്ല. ഉള്ളത് പച്ചയായ പരമാർഥം മാത്രം.

ലോകമീഡിയയുടെ അകമ്പടിയോടെ ഭൗതികതയുടെ അദൃശ്യഹസ്തങ്ങൾ ഇസ്‌ലാമിനെ ഭീകരതയും വിശുദ്ധഖുർആനെ ഭീകരതയുടെ വേദവുമാക്കുന്നു. അവർക്കു വേണ്ടത് നവീകരിക്കപ്പെട്ട (ഭൗതികവത്കരിക്കപ്പെട്ട) ഇസ്‌ലാമും ജിഹാദില്ലാത്ത ഖുർആനുമാണ്. തങ്ങളെ ആത്മസഹനത്തിന്റെ, ആത്മസമരത്തിന്റെ ഔഷധം നഷ്ടപ്പെട്ട, ഗ്രന്ഥം പേറുന്ന കഴുതകളാക്കാനുള്ള അവരുടെ ശ്രമങ്ങളെ ബോധപൂർവം പ്രതിരോധിക്കാൻ മുസ്‌ലിംകൾ തയാറാവേണ്ടതുണ്ട്.

നിങ്ങളൊരു അമുസ്‌ലിമാണെങ്കിൽ വിശുദ്ധഖുർആന്റെ അനന്തമായ സ്ഫോടകശേഷി തിരിച്ചറിയാൻ തയാറാവുക. ഒരു സമത്വലോക സങ്കൽപം ഇഹത്തിലും പരത്തിലും നിങ്ങൾ സ്വപ്നം കാണുന്നുവെങ്കിൽ അറിയുക, അത് ഈ വേദഗ്രന്ഥ സമീപനത്തിലൂടെ മാത്രമാണ്. ഈ ഗ്രന്ഥം പ്രഘോഷിക്കുന്നു; ഇതിന്റെ അനുയായികൾ സമർപ്പണത്തിനു തയാറാവുന്നില്ലെങ്കിൽ തീർച്ചയായും അല്ലാഹുവിനെ സ്നേഹിക്കുന്ന, അല്ലാഹു സ്നേഹിക്കുന്ന ഒരു ജനതയെ ദൗത്യപൂർത്തീകരണത്തിനായി അല്ലാഹു ഈ ഭൂമിയിൽ കൊണ്ടുവരും. ഒരുപക്ഷേ, അതിലൊരാൾ നിങ്ങളായിക്കൂടെന്നില്ല. ■